# മതസ്വാതന്ത്ര്യം മോഡി മോഡൽ

**അഞ്ചു** വർഷക്കാലമായി ഗുജറാത്തിൽ നടപ്പിലാക്കാൻ മോഡി സർക്കാർ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന മതപരിവർത്തന നിരോധനിയമം ഒടുവിൽ നടപ്പിലാക്കുകതന്നെ ചെയ്തിരിക്കുകയാണ്. ആളുകൾ ഹിന്ദുമതത്തിൽനിന്ന് ഇതര മതങ്ങളിലേക്ക് മാനസാന്തരപ്പെടുന്നത് കർശനമായി തടയുകയാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യം. പക്ഷേ, അങ്ങനെയൊരു നിയമം നടപ്പിലാക്കാൻ ഗവൺമെന്റിനു മുമ്പിൽ ഭരണഘടനാപരമായ കടമ്പകളുണ്ട്. ദീർഘകാലമായി ഈ തടസ്സങ്ങൾ മറികടക്കാനുള്ള തന്ത്രങ്ങളന്വേഷിക്കുകയായിരുന്നു മോഡിയും കൂട്ടരും. ഭരണഘടന പൗരന്മാർക്ക് അനുവദിച്ച ഒരു മൗലികാവകാശത്തിന് വിലക്കേർപ്പെടുത്തുക അത്ര ലളിതമല്ലല്ലോ. മതസ്വാതന്ത്ര്യം അക്ഷരത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ അർഥത്തിൽ ആ സ്വാതന്ത്ര്യത്തിന്റെ പ്രയോഗം അസാധ്യമാക്കുന്ന ഉപാധികളും നിബന്ധനകളും ചുമത്താനായിരുന്നു അവരുടെ ശ്രമം. ആ ശ്രമത്തിൽ മോഡി വിജയിച്ചിരിക്കുന്നു.

*ടൈംസ് ഓഫ് ഇന്ത്യ*യുടെ റിപ്പോർട്ട് (26-4-2008) പ്രകാരം ഗുജറാത്തിൽ മതപരിവർത്തനം ആഗ്രഹിക്കുന്നവർ അതിന്റെ കാരണങ്ങളും ന്യായങ്ങളും സർക്കാറിനെ വിശദമായി ബോധിപ്പിക്കേണ്ടതുണ്ട്. ഏതു മതത്തിൽനിന്ന് ഏതു മതത്തിലേക്കാണ് പരിവർത്തനം ചെയ്യുന്നത്, സ്വന്തം പൂർവ മതം ഉപേക്ഷിക്കുന്നതെന്തിന്, പുതിയ മതം തെരഞ്ഞെടുക്കാൻ കാരണമെന്ത്, എന്നു മുതലാണ് പുതിയ മതത്തിൽ ആകൃഷ്ടനായത്, എവിടെ വെച്ച് എപ്പോഴാണ് മതപരിവർത്തനം നടത്താനുദ്ദേശിക്കുന്നത് തുടങ്ങിയ ഒട്ടേറെ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകണം. മതപരിവർത്തനം ചെയ്യുന്നവർ ജില്ലാ മജിസ്ട്രേറ്റിൽനിന്ന് അതിന് അനുവാദം വാങ്ങിയിരിക്കേണ്ടത് നിർബന്ധമാണ്. പരിവർത്തനം ചെയ്യുന്നയാളും അതിനു കാർമികത്വം വഹിക്കുന്നവരും സാക്ഷികളും എല്ലാം അവരുടെ മേൽവിലാസവും മറ്റു വിശദവിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു ഫോറം പൂരിപ്പിച്ചിരിക്കണം. ഈ ഫോറത്തോടൊപ്പമാണ് മതപരിവർത്തനാനുവാദത്തിനു വേണ്ടി ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരു മാസത്തിനു ശേഷം മജിസ്ട്രേറ്റിന് അപേക്ഷ അനുവദിക്കുകയോ എന്തെങ്കിലും കാരണം കാണിച്ച് തള്ളിക്കളയുകയോ ചെയ്യാം.

ഈ നിയമമനുസരിച്ചല്ലാതെ നടക്കുന്ന മതപരിവർത്തനം ക്രിമിനൽ കുറ്റമാണ്. അത്തരം മതപരിവർത്തിതൻ പോലീസ് നടപടിക്കു വിധേയനാകും. മൂന്നു വർഷം ജയിൽവാസമാണ് നിയമവിരുദ്ധമായ മതപരിവർത്തനത്തിനുള്ള ശിക്ഷ. ഇതാണവസ്ഥയെങ്കിൽ ആരാണ് മതപരിവർത്തനത്തിന് ധൈര്യപ്പെടുക! ഈ നിയമത്തിന്റെ പേര് ഏറെ രസകരമാണ്: 'ഗുജറാത്ത് മതസ്വാതന്ത്ര്യ നിയമം 2003'. കണ്ണില്ലാത്തവന് കണ്ണൻ എന്നു പേരിടുന്നതുപോലെ. നിയമത്തിന്റെ പൂർണ രൂപം പുറത്തുവന്നിട്ടില്ലാത്തതിനാൽ ഹിന്ദുമതത്തിലേക്കുള്ള പരിവർത്തനത്തിന് ഈ നിയമം ബാധകമാണോ എന്ന കാര്യം അവ്യക്തമാണ്. ബാധകമാവില്ല എന്നാണ് പൊതുവിൽ അനുമാനിക്കപ്പെടുന്നത്. ഹിന്ദുമതത്തിലേക്കുള്ള പരിവർത്തനത്തെ പൂർവമതത്തിലേക്കുള്ള മടക്കമായിട്ടായിരിക്കുമത്രെ കണക്കാക്കപ്പെടുക. അക്കാര്യം നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നേ അറിയേണ്ടതുള്ളൂ.

ഇങ്ങനെയൊരു നിയമം നിർമിക്കാൻ ക്ലേശിച്ച ഗുജറാത്ത് സർക്കാറിനെ അഭിനന്ദിക്കുകതന്നെ വേണം. ഗുജറാത്തിനെ ഹിന്ദുക്കളുടെയും ഹിന്ദുത്വത്തിന്റെയും സ്വന്തം സ്റ്റേറ്റാക്കാൻ മോഡിക്ക് വേറെയും മാർഗങ്ങളുണ്ടല്ലോ. നിയമത്തിന്റെ സഹായമില്ലാതെ തന്നെ വേണമെങ്കിൽ അത് നടപ്പിലാക്കാവുന്നതേയുള്ളൂ. അതിന് സന്നദ്ധ സേനകൾ പോലും വേണമെന്നില്ല. അവിടെ പോലീസും മറ്റു സർക്കാർ മെഷിനറികളുമെല്ലാം ഹിന്ദുത്വയുടെ സന്നദ്ധ സൈനികരുമാണ്. അവരുടെ ഹിന്ദുത്വ സേവനത്തിൽ വിഘാതം സൃഷ്ടിക്കാൻ ആർക്കും കഴിയില്ല. 2002-ൽ സർക്കാറിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം മുസ്‌ലിംകൾക്കെതിരെ കൊള്ളയും കൊലയും തീവെപ്പും നടമാടിയല്ലോ. അതിനു നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്ക് വല്ല പോറലുമേൽപിക്കാൻ നാളിതുവരെയായി ആർക്കെങ്കിലും സാധിച്ചിട്ടുണ്ടോ?

ഒരു ചോദ്യം ഇപ്പോഴും ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. ഒരു പൗരൻ തന്റെ പൂർവ മതത്തോട് മാനസികമായി പൂർണമായും വിടപറയുകയും, അയാൾക്ക് മറ്റൊരു മതത്തിൽ വിശ്വാസമുറക്കുകയും ചെയ്യുന്നുവെങ്കിൽ അതിനെതിരെ ഈ നിയമത്തിന് എന്തു ചെയ്യാൻ കഴിയും? അയാൾക്കെതിരെ സർക്കാർ എന്തു നടപടിയാണെടുക്കുക? തീർച്ചയായും അയാൾക്ക് തന്റെ മാനസാന്തരം മറച്ചുവെക്കേണ്ടിവരും. പുതിയ മതത്തിന്റെ പ്രകടമായ ചിഹ്നങ്ങൾ ഒഴിവാക്കേണ്ടതായും വരും. ചിലപ്പോൾ പൂർവമതത്തിന്റെ ചില ആചാരങ്ങളിലെങ്കിലും പങ്കെടുക്കാൻ നിർബന്ധിതനാവുകയും ചെയ്യും. എന്നാൽ അതൊന്നും അയാൾ ആത്മാർഥതയോടെ സ്വയം സന്നദ്ധനായി ചെയ്യുന്നതാവില്ല. ഈ സാഹചര്യം അയാളെ പൂർവമതത്തോട് അടുപ്പിക്കുകയാണോ കൂടുതൽ അകറ്റുകയാണോ ചെയ്യുക?

നിയമം കൊണ്ടും ബലപ്രയോഗം കൊണ്ടും നിർമിക്കപ്പെടേണ്ടതോ നിലനിർത്തപ്പെടേണ്ടതോ അല്ല മതവിശ്വാസം. അതൊരു ജ്ഞാനാനുഭൂതിയാണ്. അറിവിനെ തകർക്കാൻ നിയമത്തിനോ ആയുധത്തിനോ ആവില്ല. ഒരു വിശ്വാസി ആരാച്ചാരുടെ മുമ്പിൽ തന്റെ വിശ്വാസത്തെ അത്യുച്ചത്തിൽ തള്ളിപ്പറയുമ്പോഴും മനസ്സിൽ അയാൾ അടിയുറച്ച വിശ്വാസി തന്നെയായിരിക്കും. ■